## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6184 — 20.11.2019-ൽ മറുപടിയ്ക്ക്

### കൊട്ടാരക്കര മണ്ഡലത്തിൽ കാവും കുളവും പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) കാവും കുളവും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ നൽകുമോ;<br><br>ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | കാവും കുളവും എന്നപേരിൽ വനം വകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ ജി.ഒ.(ആർ.റ്റി.) 485/16 തീയതി 24.12.2016 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.<br><br>കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും കാവ് സംരക്ഷണത്തിനായി 2018- 19 ൽ 2 അപേക്ഷകൾ ലഭിച്ചിരുന്നു. എന്നാൽ കാവിന്റെ വിസ്തൃതിയുടേയും ജൈവിക പാരിസ്ഥിതിക സവിശേഷതയുടേയും അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ ആനുകൂല്യം ലഭിക്കുന്നതിനായി ടി കാവുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. 2019-20 ൽ കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും ടി പദ്ധതിയ്ക്കായി നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചാഫീസർക്ക് നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഏതൊക്കെ സ്ഥലങ്ങൾക്ക് ഫണ്ട് നൽകി എന്നതിന്റെ വിശദാംശങ്ങളും നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ? | സി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ